അമ്പലപ്പുഴ മാതൃകാ തെങ്ങിൻതോട്ടം.

105 MR. K. SARANGADHARAN (*Ambalapuzha II—General*):

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) അമ്പലപ്പുഴയുള്ള സർക്കാർ മാതൃകാ തെങ്ങിൻ തോട്ടത്തിൽ നിന്ന് എത്ര തെങ്ങുകളാണ് ഗവണ്മെന്റിന് എന്തായാദായം കിട്ടുന്നുണ്ട്?

(ബി) ഈ തോട്ടത്തിന് എന്തു വിസ്തീർണ്ണമുണ്ട്?

(സി) ഈ തോട്ടം പാട്ടത്തിനു കൊടുത്തിരിക്കയാണോ?

(ഡി) അതെങ്കിൽ പാട്ടത്തിന്റെ പ്രധാന വ്യവസ്ഥകളെന്തൊക്കെ?

HON'BLE MR. K. M. KORAH: (എ) ഇപ്പോൾ അമ്പലപ്പുഴ മാതൃകാ തെങ്ങിൻ തോട്ടം എന്നും ഇല്ല.

ഏ ഉത്തരത്തിന്റെ നിലയ്ക്ക് ബി. മുതൽ ഡി. വരെ ചോദ്യങ്ങൾ ഉൽഭവിക്കുന്നില്ല.

MR. K. SARANGADHARAN: അവിടെ ഒരു മാതൃകാതെങ്ങിൻതോട്ടം മുമ്പ് ഉണ്ടായിരുന്നില്ലേ?

HON'BLE MR. K. M. KORAH: അമ്പലപ്പുഴെ ഒരു മാതൃകാ തെങ്ങിൻ തോട്ടം മുൻപ് ഉണ്ടായിരുന്നു, എന്നാൽ ഫ്ലഡ്-ൽ അതു നിലത്തലാക്കുകയും, ഭവനരഹിതരായ പിന്നോക്കസമുദായക്കാർക്ക് ഭവന നിർമ്മാണത്തിനു വേണ്ടി പിന്നോക്കസമുദായ സംരക്ഷകനെ ഏൽപ്പിക്കുകയുമാണ് ചെയ്തത്.

മാതൃകാ തോട്ടങ്ങൾ.

406. MR. K. SARANGADHARAN: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ ഗവണ്മെന്റ് വകയായി, അതുകൊണ്ട് എത്ര മാതൃകാ തോട്ടങ്ങൾ ഉണ്ട്?

(ബി) അവ എവിടെയെല്ലാം?

HON'BLE MR. K. M. KORAH: (എ) തിരുവിതാംകൂറിൽ ഗവണ്മെന്റ് വകയായി അതുകൊണ്ട് ഫ്ലഡ് മാതൃകാ തോട്ടങ്ങൾ ഉണ്ട്.

(ബി) അവ താഴെ പറയുന്നസ്ഥലങ്ങളിൽ അതുകൊണ്ട്:—

കന്യാകുമാരി, തുപ്പുതിസാരം, അരുവാമൊഴി, ഓച്ചിറ, പുളിയറ, കോന്നി, അച്ചുവാ, വട്ടവട, പേരൂർക്കട, അട്ടർ, മങ്കൊമ്പ്.

LIBRARY ARCHIVES Kerala Legislative Assembly